**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2697** — **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിലെ യുവജനങ്ങൾക്ക നൈപുണ്യ പരിശീലനവും തൊഴില ഉറപ്പാക്കുന്നതിന് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**<u>1) നൈപുണ്യ വികസന പരിശീലനങ്ങൾ</u>**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന -വിദ്യാഭ്യാസ യോഗ്യത ഉള്ളതു അല്ലാത്തവരുമായ തൊഴിൽ രഹിതരായവർക്ക് വിവര സാങ്കേതികം ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഓട്ടോമോബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റു ഉറപ്പാക്കുന്നുണ്ട്. കൂടാതെ ഇത്തരം നൈപുണ്യ വികസന പരിശീലനങ്ങളിലൂടെ പരിശീലന നേടുന്നവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും , വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും<br>സഹായകരമാകുന്നതാണ്.<br><br>**<u>2)സ്വയം തൊഴിൽ പദ്ധതി</u>**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 |

(പരമാവധി 1 ലക്ഷം രൂപ) സബ്സിഡിയായ്
അനുവദിക്കുന്നു.

<u>3) വിദേശ തൊഴിൽ ധനസഹായ പദ്ധതി</u>

അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീയുവാക്കൾക്ക് വിദേശത്ത തൊഴിൽദാതാവിൽ നിന്നും ലഭിച്ചിട്ടുള്ള തൊഴിൽ കരാർപത്രം, വിസ എന്നിവയുടെ അടിസ്ഥാനത്തിൽ യാത്രാ/വിസാ സംബന്ധമായ ചെലവുകൾ നേരിടുന്നതിന ഒരു ലക്ഷം രൂപ ധനസഹായ അനുവദിക്കുന്നു. 20 വയസിനും 50 വയസിനു മദ്ധ്യേ പ്രായമുള്ളവരും വാർഷിക വരുമാന 2.50 ലക്ഷം രൂപയിൽ താഴെയുള്ളവരെയാണ ആനുകൂല്യ ത്തിനായി പരിഗണിക്കുന്നത്.

കൂടാതെ സർക്കാർ മേഖലകളിലെ തൊഴിൽ മേഖലകൾ പരിചയപെടുന്നതിന്റ ഭാഗമായി TRACE (Training for Careier Excellence) പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാരെ വകുപ്പിൽ നിയമിച്ച പരിശീലനം നൽകി വരുന്നു. പൈലറ്റ് പരിശീലന ധനസഹായ പദ്ധതി, അഭിഭാഷക ധനസഹായ പദ്ധതി സിവിൽ സർവീസ് പരിശീലന ധനസഹായ പദ്ധതി, ഉന്നതി - വിദേശ പഠന സഹായ പദ്ധതി എന്നിവയും നടപ്പലാക്കിയിട്ടുണ്ട്.

അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവാക്കൾക്ക അവരവരുടെ താൽപ്പര്യമനുസരിച്ച ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃതപരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലന വിജയകരമായി പൂർത്തിയാക്കുന്നവർക്ക തൊഴിൽ ദാതാക്കളുമായി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന പ്രാപ്തരാക്കുകയോ ചെയ്യുന്നതിന് ആധുനിക തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ വകുപ്പ് മുഖേന നടത്തി വരുന്നുണ്ട് കൂടാതെ സർക്കാർ മേഖലകളിലെ തൊഴിൽ മേഖലകൾ പരിചയപെടുന്നതിന്റ ഭാഗമായ TRACE (Training for Careier Excellence) പദ്ധതി പ്രകാരം സർക്കാർ മേഖലയിൽ നിരവധി പട്ടിക വർഗ്ഗ യുവതി യുവാക്കൾ

| | | | |
|---|---|---|---|
| | | | മികച്ച ഹോണറേറിയനിരക്കിൽ സേവനമനുഷ്ഠിച്ചുവരുന്നു.<br><br>* ഏവിയേഷൻ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br><br>* ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br><br>* ഡിജിറ്റൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br><br>* ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br><br>* നിർമാണ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br><br>* അഭിഭാഷക ധനസഹായ പദ്ധതി<br><br>* പൈലറ്റ് പരിശീലന ധനസഹായ പദ്ധതി<br><br>* സിവിൽ സർവീസ് പരിശീലന ധനസഹായ പദ്ധതി<br><br>* ട്രൈബൽ പാരാമെഡിക് ട്രെയിനി പദ്ധതി<br><br>* ഉന്നതി - വിദേശ പഠന സഹായ പദ്ധതി |
| (ബി) | ഇത്തരം നടപടികളുടെ ഭാഗമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ? | (ബി) | തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഒരു ഉപജീവന മാർഗ്ഗം സ്വായത്തമാക്കുന്നതിന് അവരെ പ്രാപ്തരാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏവിയേഷൻ ആട്ടോ മൊബൈൽ, ഡിജിറ്റൽ മീഡിയ, ടൂറിസം & ഹോസ്പിറ്റാലിറ്റി പ്ലാസ്റ്റിക് പ്രോഡക്റ്റ് മാൻഫാക്ച്ചറിംഗ് തുടങ്ങിയ നിരവധി മേഖലകളിൽ സംസ്ഥാന/ കേന്ദ്ര'അന്തർ ദേശീയ അംഗീകൃത തൊഴിൽ പരിശീലന സ്ഥാപനങ്ങൾവഴി പരിശീലനം നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി ചേർന്ന് വിവിധ സ്വകാര്യ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയും ചെയ്തിട്ടുണ്ട്. അഭ്യസ്ത വിദ്യരായ യുവതി യുവാക്കൾക്കായി വിവിധ സർക്കാർ മേഖലകളിലെ തൊഴിൽ പരിശീലനത്തിനും അതുവഴി അവരുടെ കരിയർ മെച്ചപ്പെടുത്തുന്നതിനും വരുമാന മാർഗ്ഗം ഉറപ്പിക്കുന്നതിനും ആയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നൈപുണ്യ വികസന പരിശീലന പദ്ധതി പ്രകാരം 2021-22 മുതൽ നാളിതുവരെ 2146 പേർക്കും, സ്വയം തൊഴിൽ പദ്ധതി പ്രകാരം 930 പേർക്കും ,വിദേശ തൊഴിൽ ധനസഹായ പദ്ധതി പ്രകാരം 6235 പേർക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളായ 175 പട്ടികവർഗ്ഗ യുവതി യുവാക്കൾക്കും, ഓഫീസ് മാനേജ്മെന്റ് ട്രെയിനികളായി 140 പേർക്കും, 1182 പേർ എസ്.ടി പ്രമോട്ടറായും, 54 പേർ കമ്മിറ്റഡ് സോഷ്യൽ വർക്കറായും, 343 പേർ ഫെസിലിറ്റേറ്ററായും 285 പേരെ മെന്റർ ടീച്ചർമാരായും , നിയമ ബിരുദധാരികളായ 25 യുവതിയുവാക്കൾക്ക് മുതിർന്ന അഭിഭാഷകർക്കൊപ്പം ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ പരിശീലനം നൽകുന്നതിനും, നഴ്സിംഗ്, ബിരുദം/ഡിപ്ലോമ/ പാരാ മെഡിക്കൽ യോഗ്യതയുള്ള 66 പട്ടികവർഗ്ഗ യുവതീ യുവാക്കൾ ട്രൈബൽ പാരാമെഡിക്സ് പദ്ധതിയുടെ ഭാഗമായി PHC മുതൽ മെഡിക്കൽ കോളേജ് വരെയുള്ള വിവിധ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചു വരുന്നതിനും കഴിഞ്ഞിട്ടുണ്ട്. നിലവിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് പുറമെ അധിക 100 ദിവസത്തെ തൊഴിൽ നൽകുന്ന പദ്ധതിയായ കേരള ട്രൈബൽ പ്ലസിലൂടെയും ഗോത്ര ജീവിക പദ്ധതിയിലൂടെയും പട്ടികവർഗ്ഗക്കാർക്കിടയിലെ ഉപജീവനം ഉറപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ